## പതിനാലാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നമ്പർ : 5604

02.11.2016-ൽ മറുപടിക്ക്

### സുവർണ്ണം സ്റ്റോറുകൾ

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ.സി. ദിവാകരൻ :** | **ശ്രീ. എ.സി. മൊയ്തീൻ (സഹകരണവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി)** |
| (എ) സംസ്ഥാനത്ത് സുവർണ്ണം സ്റ്റോറുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ എവിടെയെല്ലാം എന്ന് വ്യക്തമാക്കുമോ; | (എ) സുവർണ്ണം സ്റ്റോറുകൾ എന്ന പദ്ധതി അതിന്റെ പൂർണ്ണതയോടെ നടപ്പിലാക്കിയിട്ടില്ല. എന്നാൽ കർഷക സേവന കേന്ദ്രത്തിന്റെ ഭാഗമായി കോട്ടയം ജില്ലയിലെ മാടപ്പള്ളി സർവ്വീസ് സഹകരണ ബാങ്കും, തൃശ്ശൂർ ജില്ലയിലെ വെണ്ണൂർ സർവ്വീസ് സഹകരണ ബാങ്കും സുവർണ്ണം സ്റ്റോർ എന്ന പേരിൽ പച്ചക്കറി വിപണന ശാല നടത്തിവരുന്നു. |
| (ബി) ഇല്ലെങ്കിൽ സുവർണ്ണം സ്റ്റോറുകൾ ആരംഭിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ; | (ബി) സുവർണ്ണം സ്റ്റോർ ആരംഭിക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ ഉൾക്കൊള്ളുന്ന 36/2015 നമ്പർ സർക്കുലർ സഹകരണ സംഘം രജിസ്ട്രാർ പുറപ്പെടുവിച്ചിട്ടുണ്ട്.<br>പദ്ധതി നടത്തിപ്പിനെക്കുറിച്ച് ആലോചിക്കുന്നതിനായി 23.07.2015-ൽ സഹകാരികളുടെ അഭിപ്രായം ആരായുന്നതിനായി ഒരു യോഗം വിളിച്ചു ചേർത്തിരുന്നു. സുവർണ്ണം പദ്ധതിയുടെ നടത്തിപ്പിനായി രണ്ടു കോടി രൂപ അനുവദിക്കുന്നതു സംബന്ധിച്ച പ്രൊപ്പോസൽ നിയമസഭാ സബ്ജക്റ്റ് കമ്മിറ്റിയുടെ പരിഗണനയിലുമാണ്. |

(സി) സുവർണ്ണം സ്റ്റോറുകളിലൂടെ ഏത് തരം ഉല്പന്നങ്ങളാണ് വിപണനം ചെയ്യാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

(സി) പ്രാദേശികമായി ലഭിക്കുന്ന ചുവടെ പരാമർശിക്കുന്നതുൾപ്പെടെയുള്ള എല്ലാതരം പച്ചക്കറികളും ഉല്പന്നങ്ങളും വില്പന നടത്താൻ ഉദ്ദേശിക്കുന്നു.

1. വിഷരഹിതമായ കേരളത്തിന്റെ പരമ്പരാഗത കാർഷിക/ഭക്ഷ്യോൽപ്പന്നങ്ങൾ
2. നാടൻ നേന്ത്രപ്പഴം
3. ചെറുപഴം
4. നാടൻ മാമ്പഴം (വൈക്കോലിൽ പഴുപ്പിച്ചെടുത്തത്)
5. ചക്ക/ചക്ക ഉൽപ്പന്നങ്ങൾ
6. മരച്ചീനി, കൂവ, ചേന, ചേമ്പ്, കാച്ചിൽ, ഇടിച്ചക്ക, മുരിങ്ങയില, കൂർക്ക, വാഴക്കുമ്പ്, ഉണ്ണിത്തണ്ട്, നെല്ലിക്ക, അമ്പഴങ്ങ, വാളൻപുളി, കുടമ്പുളി, സീതപ്പഴം, മുള്ളൻചക്ക, പനംചക്കര, കരുപ്പട്ടി
7. നാടൻ കോഴിമുട്ട, താറാവ് മുട്ട, കാടമുട്ട
8. വെളിച്ചെണ്ണ, നല്ലെണ്ണ, കടലയെണ്ണ
9. വിവിധയിനം നാടൻ അരി, നെല്ല് മുതലായവ
10. സംഘത്തിന്റെ സ്വയം സഹായ ഗ്രൂപ്പുകൾ/ കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന വിവിധതരം മുറുക്കുകൾ, ചിപ്സ്, അച്ചാറുകൾ മുതലായവ
11. സ്വയംസഹായ ഗ്രൂപ്പുകൾ/കുടുംബശ്രീ യൂണിറ്റുകൾ ഉൽപ്പാദിപ്പിക്കുന്ന മുളക് പൊടി, മല്ലിപ്പൊടി, മഞ്ഞൾപ്പൊടി, അരിപ്പൊടി, അവിൽ മുതലായവ

12. കൃഷി വകുപ്പിന്റെ വിവിധ ഫാമുകളിൽ നിന്നും ഉൽപ്പാദിപ്പിക്കപ്പെടുന്ന വിവിധയിനം സോസുകൾ, അച്ചാറുകൾ, അനുബന്ധ ഉൽപ്പന്നങ്ങൾ മുതലായവ
13. പൊതുവായി ഉപയോഗിക്കുന്ന ആയുർവേദ സാധനങ്ങൾ, ദാഹശമിനി, സാമ്പ്രാണി മുതലായവ
14. വിഷരഹിത പച്ചക്കറി കൃഷിയ്ക്ക് ആവശ്യമായ വിത്തും വളവും
15. അനുബന്ധ ഉൽപ്പന്നങ്ങളും സാധന സാമഗ്രികളും.
16. ഗ്രോബാഗ്
17. ജൈവകീടനാശിനികൾ
18. പമ്പ് സെറ്റ് ഉൾപ്പെടെയുള്ള ജലസേചനോപാധികൾ
19. വിവിധതരം കാർഷികോപകരണങ്ങൾ (കാട് വെട്ട് യന്ത്രം, തെങ്ങ് കയറുന്നതിനുള്ള യന്ത്രം തുടങ്ങിയ എല്ലാ ഉപകരണങ്ങളും)
20. മറ്റു പ്രാദേശികമായി ലഭിക്കുന്ന ഉൽപ്പന്നങ്ങൾ
21. നീര.

**സെക്ഷൻ ഓഫീസർ**